കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാണ്ടനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി7-149/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ – 688011

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

തീയതി, 08.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി7-149/19 തീയതി : 08.04.2019

# ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയം സാരമായി ബാധിച്ച പഞ്ചായത്താണ് പാണ്ടനാട് ഗ്രാമപഞ്ചായത്ത്. കൃഷിഭവൻ, മൃഗാശുപത്രി, ആയുർവേദ ആശുപത്രി, സി.എച്ച്. സെന്റർ പഞ്ചായത്ത് ഓഫീസിന്റെ താഴത്തെനില എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന ഫയലുകൾ വീണ്ടെടുക്കാൻ ആവാത്തവിധം നഷ്ടപ്പെടുകയുണ്ടായി. ആയതിനാൽ ഈ രേഖകൾ പ്രകാരമുള്ള വരവു ചെലവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും, പരിശോധനക്കു ലഭ്യമാക്കിയ മറ്റു മാന്വൽ രേഖകളുടെ അടിസ്ഥാനത്തിലും ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഡേ ബുക്ക്, ബാങ്ക് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് ഇവ പ്രകാരം 1-9-2017 മുതൽ 31-1-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

.
.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11-02-2019 മുതൽ 19-02-2019വരെ | ശ്രീമതി. സുജ. എൻ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്)<br>ശ്രീമതി. മായാദേവി. സി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ. ജി. ചന്ദ്രശേഖരൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.ജി. സുനിൽകുമാർ, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ശിവൻകുട്ടി, ഐലാരത്തിൽ | 01.04.2017 മുതൽ 31.03.2018വരെ |

2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഹാൻസി മാത്യു | 01.04.2017 മുതൽ 31.03.18വരെ. |
| 2 | വികസനകാര്യം | ശ്രീ. കെ. റ്റി. ബാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.18വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഫിലോമിന | 01.04.2017 മുതൽ 31.03.18വരെ. |
| 4 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീ. ജേക്കബ്. പി. സി. | 01.04.2017 മുതൽ 31.03.18വരെ. |

3) സെക്രട്ടറി

| | |
|---|---|
| ശ്രീ. ഫൈസൽ. എ. എസ്. | 01.04.2017 മുതൽ 07.06.2017 FN വരെ. |
| ശ്രീമതി. ഷൈലജ. പി. എം. | 07.06.2017 AN മുതൽ 31.03.2018 വരെ. |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു. എസ്. | 01.04.2017 മുതൽ 23.06.2017വരെ |
| | ശ്രീമതി. അഞ്ജു ജോർജ്ജ് | 24.06.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഹരികുമാർ. വി. | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കൃഷ്ണകുമാരി | 01.04.2017 മുതൽ 31.07.2017വരെ |
| | ശ്രീമതി. അനശ്രീ. എ. എസ്. | 01.08.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ചിത്രു സാബു. | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാധിക. കെ. നായർ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. നിഷ. എസ്. | 01.04.2017 മുതൽ 31.03.2018 വരെ. |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീമതി. ശ്രീലത | 01.04.2017 മുതൽ 09.01.2018 വരെ. |
| | ശ്രീമതി. റജിമോൾ | 10.01.2018 മുതൽ 31.03.2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. പി. ഗീത | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. സൂസൻ ജേക്കബ് | 01.04.2017 മുതൽ 05.10.2017 വരെ. |
| | ശ്രീ. സുജിത്ത് രാജൻ | 6-10-2017 മുതൽ 11-10-2017 വരെ |
| | ശ്രീമതി. കല്യാണിക്കുട്ടി | 12-10-2017 മുതൽ 31-3-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രവീൺ. റ്റി. ഡി. | 01.04.2017 മുതൽ 10.07.2017 വരെ |
| | തോമസ്. ടി. മാർട്ടിൻ | 11.07.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| ഭാഗം 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 5 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 6 | 1-5 | ഫണ്ട് വിനിയോഗം.(എ.സി.ആർ പ്രകാരം) |
| 7 | 1-6 | പദ്ധതി അവലോകനം |
| 8 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 9 | 1-8 | ക്ഷേമപദ്ധതികൾ |
| 10 | 1-9 | ക്യാഷ് പരിശോധന |
| 11 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 12 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| ഭാഗം 2 | | |
| 14 | 2-1 | അടിസ്ഥാന രേഖകൾ പൂർണ്ണമായി നശിച്ചു, വരവിന്റെ കൃത്യത പരിശോധിക്കാനായില്ല |
| 15 | 2-2 | നികുതി-ഫീസ് പിരിവ് കാര്യക്ഷമമല്ല |
| 16 | 2-3 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ നികുതിയും പിരിച്ചെടുത്തില്ല |
| 17 | 2-4 | തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ |
| 18 | 2-5 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിലൂടെയുള്ള വിപണനം സംബന്ധിച്ച് |
| ഭാഗം 3 | | |
| 19 | 3-1 | സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു |
| 20 | 3-2 | പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല – അംഗീകാരം കിട്ടിയ മരാമത്തു പ്രവർത്തികൾ ഉപേക്ഷിക്കപ്പെടുന്നു |
| 21 | 3-3 | "അംഗൻവാടി മെയിന്റനൻസ്" - ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയില്ല – 4585/-രൂപ തിരികെ ഈടാക്കേണ്ടതാണ് |
| 22 | 3-4 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-ക്യാബിൻനിർമ്മാണം-അഡ്വാൻസ് നൽകിയത് |
| 23 | 3-5 | വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി മാർഗ്ഗരേഖക്കു വിരുദ്ധമായ പദ്ധതികളും നടപ്പിലാക്കി |
| 24 | 3-6 | മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയില്ല |
| 25 | 3-7 | സംയുക്ത അക്കൗണ്ട് പരിപാലനം അപാകത സംബന്ധിച്ച് |
| 26 | 3-8 | പാണ്ടനാട് ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പു പദ്ധതി-മുൻകാല ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |

| | | |
|---|---|---|
| 27 | 3-9 | 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവുരേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു |
| 28 | 3-10 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - വിതരണം ചെയ്തതിൽ അപാകത |
| 29 | 3-11 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം നടത്തിയില്ല |
| 30 | 3-12 | ആശ്രയ അക്കൗണ്ടിൽ വികസനഫണ്ട് ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു |
| ഭാഗം 4 | | |
| 31 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 32 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 34 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 35 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 36 | 4-6 | ഓഡിറ്റ് റിക്കവറി |
| 37 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 38 | 4-8 | ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 42 | അനുബന്ധം-2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.17 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 64186000 | 65711000 |
| വാർഷിക കണക്ക് പ്രകാരം | 31018879 | 29971416 |

മാന്വൽ നടപടിക്രമങ്ങൾ പാലിച്ചാണ് ബജറ്റ് തയ്യാറാക്കിയത് എന്ന് ഓഡിറ്റ് അന്വേഷണം 4-നുള്ള മറുപടിയിൽ വ്യക്തമാക്കിയെങ്കിലും മറുപടി സാധൂകരിക്കുന്ന രേഖകൾ എല്ലാം പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 15.05.2018 | 01.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി/ജി.എ4-1126(27)/18 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5285599 |
| വരവ് | 31018879 |
| ആകെ | 36304478 |
| ചെലവ് | 29971416 |
| നീക്കിയിരിപ്പ് | 6333062 |

## 1-5 ഫണ്ട് വിനിയോഗം.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഹിതം) | | 7495000 | 7495000 | 5403378 | 2091622 |
| വികസനഫണ്ട് (എസ്.സി.പി.) | | 5795135 | 5795135 | 4253926 | 1541209 |
| ധനകാര്യകമ്മീഷൻ അവാർഡ് | | 3994662 | 3994662 | 2768584 | 1226078 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 3880505 | 3880505 | 2261841 | 1618664 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | 2961745 | 2961745 | 2918518 | 43227 |
| ലോകബാങ്ക് ധനസഹായം (കേന്ദ്രസഹായം) | | 1330432 | 1330432 | 1240173 | 90259 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | | 467135 | 467135 | 195204 | 271931 |
| ടോട്ടൽ സാനിട്ടേഷൻ | 751499 | 326630 | 1078129 | 288090 | 790039 |
| ഐ.സി.ഡി.എസ്. | 489168 | 47694 | 536862 | 0 | 536862 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | 117069 | 4683 | 121752 | 0 | 121752 |
| എൻ.ആർ.ഇ.ജി.എസ്സ്. | 150035 | 12227499 | 12377534 | 12202261 | 175273 |
| ആർ.ജി.പി.എസ്സ്.എ. | 623 | 24 | 647 | - | 647 |
| സാക്ഷരത | 10764 | 1038 | 11802 | - | 11802 |
| എസ്സ്.ബി.ഐ. ഇ-പേയ്മെന്റ് | - | 6244 | 6244 | - | 6244 |
| ജോയിന്റ് വെഞ്ചർ | 0 | 600450 | 600450 | 577050 | 23400 |
| ട്രഷറി എസ്.ബി. | 1672083 | 4535000 | 6207083 | 5442794 | 764289 |
| എസ്.സി.ബി. ഓൺഫണ്ട് | 699872 | 202005 | 901877 | 682908 | 218969 |
| ബി ഫണ്ട് | - | 21913660 | 21913660 | 21913660 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | സ്പിൽ ഓവറാക്കിയവ | ഉപേക്ഷിച്ചവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 121 | 34605362 | 91 | 206435585 | 22 | 8 | 75% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | കോർപ്പറേഷൻ ബാങ്ക് | 148672 | 1100027 | 1250062 | 1074789 | 175273 |
| | ജില്ലാ സഹകരണ ബാങ്ക് | 1363 | | | | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | 11127472 | 11127472 | 11127472 | - |
| ആകെ | | 150035 | 12227499 | 12377534 | 12202261 | 175273 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12360 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 4740000 | 407 |
| വിധവാപെൻഷൻ | 4038200 | 343 |
| വാർദ്ധക്യകാലപെൻഷൻ | 11313700 | 800 |
| വികലാംഗപെൻഷൻ | 1802900 | 160 |
| അവിവാഹിത പെൻഷൻ | 6500 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-2-2019 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11025 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണോ എന്നു പരിശോധിക്കുന്നതിനാവശ്യമായ രേഖകളെല്ലാം തന്നെ പ്രളയത്തിൽ നഷ്ടപ്പെട്ടുകയുണ്ടായി. ഈ സാഹചര്യത്തിൽ ഓഡിറ്റ് കാലയളവിൽ ആഭ്യന്തരനിയന്ത്രണം എപ്രകാരമായിരുന്നു എന്ന് വിലയിരുത്തുവാൻ നിർവ്വാഹമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-12-2018 | 1-10-2018 മുതൽ 30-11-2018 വരെ | 7-1-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-1-2019 മുതൽ 19-1-2019 വരെ | 2013-2014 | ലഭിച്ചില്ല. |

## 1-12 വാർഷികകണക്കിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ധനകാര്യ സ്ഥിരംസമിതിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിലെ നിരീക്ഷണങ്ങൾ

### 2-1 അടിസ്ഥാന രേഖകൾ പൂർണ്ണമായി നശിച്ചു, വരവിന്റെ കൃത്യത പരിശോധിക്കാനായില്ല

പ്രളയത്തെ തുടർന്ന് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരവുകളെ സംബന്ധിച്ച രജിസ്റ്ററുകൾ പൂർണ്ണമായി നഷ്ടപ്പെട്ടതിനെ തുടർന്ന് ഡി.സി.ബി ഇനങ്ങളുടെ ഡിമാന്റ്, വരവ്, ബാലൻസ് എന്നിവ കൃത്യമായി പരിശോധിക്കാനായിട്ടില്ല. പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയൽ, വസ്തു നികുതി സംബന്ധിച്ച അസ്സസ്സ്മെന്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ ഫയൽ, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഔട്ട്ഡോർ കളക്ഷൻ ബുക്കുകൾ, മാന്വൽ രസീത് ബുക്കുകൾ, മറ്റ് രജിസ്റ്ററുകൾ എന്നിവ നഷ്ടപ്പെട്ടവയിൽപ്പെടുന്നു. ടി രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം 20 തീയതി.15.02.2019) നഷ്ടപ്പെട്ടതായി മറുപടി ലഭിച്ചിട്ടുണ്ട്. സാംഖ്യ പ്രകാരമുള്ള കളക്ഷൻ തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി പാസ്സ്ബുക്ക് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രളയത്തിൽ നശിച്ചുപോയ രേഖകളുടെ വിശദമായ ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും, പെർഫോമൻസ് സൂപ്പർവൈസറും ദുരന്തശേഷം പഞ്ചായത്ത് ഓഫീസ് സന്ദർശിച്ചിരുന്നു എങ്കിലും നഷ്ടപ്പെട്ടരേഖകൾ സംബന്ധിച്ച സാക്ഷ്യപത്രം നൽകിയിട്ടില്ല. റവന്യൂ അധികാരികളുടെയും സാക്ഷ്യപ്പെടുത്തലില്ല. നഷ്ടപ്പെട്ടതും ഭാവിയിൽ ആവശ്യമായതുമായ അസ്സസ്സ്മെന്റ് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകളുടെ ഡ്യൂപ്ലിക്കറ്റ് തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 നികുതി-ഫീസ് പിരിവ് കാര്യക്ഷമമല്ല

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 31.3.2018 ൽ വസ്തുനികുതിയിനത്തിൽ കറണ്ട് കുടിശ്ശികയും അരിയർ കുടിശ്ശികയുമുൾപ്പെടെ ആകെ 3.5 ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതിയിനത്തിൽ ഓഡിറ്റ് തീയതിയിലും (13.02.2019) 94153/- രൂപ അരിയർ (സഞ്ചയയിലെ രേഖകൾ പ്രകാരം) പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇതിൽ നിന്നും വസ്തു നികുതി പിരിവ് ഊർജ്ജിതമല്ലായെന്ന് വ്യക്തമാണ്. നികുതി പിരിവ് കാര്യക്ഷമമാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നടപടി സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ തൊഴിൽ നികുതിയിനത്തിൽ 2400/- രൂപയും ലൈസൻസ് ഫീസിനത്തിൽ 2700/- രൂപയും കുടിശ്ശിക ലഭിക്കാനുള്ളതായി 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീ.15.02.2019) നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചു. തനതുവരുമാനം തീരെ കുറവായ പഞ്ചായത്ത് ലഭ്യമായ എല്ലാ വരുമാനമാർഗ്ഗങ്ങളും പരമാവധി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 2-3 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ നികുതിയും പിരിച്ചെടുത്തില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 റേഷൻകടകളും ഒരു കള്ള് ഷാപ്പും (വാർഡ്-6) പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി.15.02.2019) ഭാവിയിൽ ഈടാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്തിന് നിയമാനുസൃതം ലഭിക്കേണ്ട പരമാവധി വരുമാനം ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ

സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ/26.05.2011 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തനത് ഫണ്ട് സൂക്ഷിപ്പിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുന്നു. എന്നാൽ പാണ്ടനാട് ഗ്രാമ പഞ്ചായത്ത് ഈ ആവശ്യത്തിനായി പാണ്ടനാട് സർവീസ് സഹകരണബാങ്കിലും (അക്കൗണ്ട് നം. A4061) കോർപ്പറേഷൻ ബാങ്കിലുമായി (അക്കൗണ്ട് നം. 2717) 2 അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചില്ല. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (നം. 20, തീയതി. 15.02.2019) ഉടൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന് സൗകര്യപ്രദമായ ഒരു അക്കൗണ്ട് നിലനിർത്തി മറ്റേ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക ട്രാൻസ്ഫർ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് ക്യാരി ബാഗുകളിലൂടെയുള്ള വിപണനം സംബന്ധിച്ച്

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ച്, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24-09-16ലെ 576/ഡിസി1/16/തസ്വഭവ. സർക്കുലർ പ്രകാരം കച്ചവടക്കാർ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വേണം വിതരണം നടത്തേണ്ടത്. ഇങ്ങനെ കച്ചവടം നടത്തുന്ന വ്യാപാരികളും, തെരുവു കച്ചവടക്കാരും അതത് ഗ്രാമ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇവരിൽനിന്നും പ്രതിമാസം കുറഞ്ഞത് 4000/-രൂ. ഒരു വർഷം 48000/-രൂ. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യണം. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തെങ്കിലും തുടർപ്രവർത്തനങ്ങൾ ഉണ്ടായില്ല. തന്നെയുമല്ല, പ്ലാസ്റ്റികിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധനമുള്ളതായും കാണുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം സൂചിപ്പിച്ചിരുന്നു എങ്കിലും നടപടികൾ സ്വീകരിച്ചില്ല. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം കുറക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടേയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ വർഷാവർഷം പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.

2017-18 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട്(ജനറൽ) | 2091622 |
| വികസനഫണ്ട് (എസ്.സി.പി) | 1541209 |
| സി.എഫ്.സി | 1226078 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് | 1618664 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് | 43277 |

| | |
|---|---|
| ലോകബാങ്ക് ധനസഹായം | 362190 |
| ആകെ | 6883040 |

നാളിതുവരെ മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. മുൻവർഷങ്ങളിലും ഇതേസ്ഥിതി ആയിരുന്നു എങ്കിലും ഇതിനെ അതിജീവിക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരം സമതി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-2 പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല – അംഗീകാരം കിട്ടിയ മരാമത്തു പ്രവർത്തികൾ ഉപേക്ഷിക്കപ്പെടുന്നു

പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 64 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ 31 പദ്ധതികൾ മാത്രമാണ് തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ളത്. നടപ്പിലാക്കാതിരുന്ന 33 പദ്ധതികളിൽ 14 എണ്ണത്തിനു മാത്രമാണ് 2018-19 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുള്ളത്. ശേഷിക്കുന്ന പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടവയാണ്. അംഗീകാരം കിട്ടിയ പദ്ധതികൾ നടപ്പിലാക്കാതിരുന്നത് ഫണ്ടുകൾ ലാപ്സാകുന്നതിനു ഇടയാക്കി.

മുൻവർഷങ്ങളിൽ അംഗീകാരം ലഭിച്ച പല മരാമത്തു പ്രവർത്തികളും യഥാസമയം പൂർത്തിയാക്കാതിരുന്നതിനാൽ ഇവ ഭാഗികമായി മാത്രം പൂർത്തീകരിച്ച് ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലാതിരുന്നതിനാൽ നിർവ്വഹണ നടപടികൾ നീണ്ടു പോകുകയും ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകും വിധം പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ചെയ്തു. ഇപ്രകാരം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട പ്രധാന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

### 1) വാർഡ് -11 "തുരുത്തിക്കാട് കോളനി മെയിന്റനൻസ്" (പ്രോജക്റ്റ് നം : 87/18)

2015-16 വർഷം 1574000 രൂപ അടങ്കൽ തുകയിൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ 203 m നീളത്തിൽ റോഡിനു സൈഡ് കെട്ട്, എർത്ത് ഫില്ലിംഗ്, 235 m നീളത്തിൽ റോഡ് ടാറിംഗ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 15-02-2016ൽ പദ്ധതിയ്ക്കു അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. 2016-17 ൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം ലഭിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് 25-02-17 ൽ മാത്രമാണ്. 28-03-17 ൽ സൈഡ് കെട്ട്, ഫില്ലിംഗ് എന്നീ ഇനങ്ങൾ പൂർത്തീകരിച്ച് 31-03-17 ൽ 889670 രൂപയുടെ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കിയിരുന്നു. ടി തുക 2017-18 ലാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയിലെ മറ്റൊരു പ്രധാന ഇനമായ റോഡ് ടാറിംഗ് എന്ന പ്രവൃത്തി പൂർത്തീകരിച്ചില്ല. 2017-18 വർഷം ടാറിംഗ് ഒഴിവാക്കിയുള്ള 889670 രൂപയുടെ സ്പിൽ ഓവർ പദ്ധതിയ്ക്കു മാത്രമാണ് അംഗീകാരം ലഭിച്ചത്. പദ്ധതി പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 11/15-02-19) മൂന്നു വർഷമായ പ്രവർത്തികൾ സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്യാൻ സാധിക്കാതെ വന്നതിനാലാണ് ടാറിംഗ് പ്രവർത്തി ചെയ്യാൻ സാധിക്കാതിരുന്നതെന്ന് മറുപടി നൽകി. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിനാലാണ് റോഡ് നിർമ്മാണ പ്രവർത്തി ഉപേക്ഷിക്കപ്പെടേണ്ടി വന്നിട്ടുള്ളത്.

### 2) വാർഡ് -7 "മണ്ണാറത്തറ കോളനി സൈഡ് കെട്ട്" (പ്രോജക്റ്റ് നം : 119/18)

2014-15 വർഷം 339000 രൂപ അടങ്കൽ തുകയിൽ അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ തുക 953531 യായി 2015-16ൽ വർദ്ധിപ്പിക്കുകയും തുടർന്ന് സ്പിൽ ഓവർ പദ്ധതിയായി 2016-17 ൽ അംഗീകാരം ലഭിക്കുകയും ചെയ്ത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് 07-03-17 ൽ മാത്രമാണ്. 290 m നീളത്തിൽ റോഡിനു സൈഡ് കെട്ട്, എർത്ത് ഫില്ലിംഗ്, എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 31-03-17 ൽ 50m നീളത്തിൽ സൈഡ് കെട്ട് പൂർത്തീകരിച്ചതിനു 126548രൂപയുടെ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കിയിരുന്നു. ടി തുക 2017-18 ലാണ് ചെലവഴിച്ചിട്ടുള്ളത്. തുടർന്നുള്ള സൈഡ് കെട്ട് പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. 2017-18 ൽ തുടർന്നുള്ള പ്രവർത്തിയ്ക്കു സ്പിൽ ഓവർ അംഗീകാരം ലഭിച്ചിട്ടില്ല. 290 m സൈഡ് കെട്ട് 50m ൽ പരിമിതപ്പെടുത്തേണ്ടി വന്നത്

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാലാണ്.

പദ്ധതികളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സജീവമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്നു മേൽവിവരിച്ചതിൽ നിന്നും വിലയിരുത്താവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല. പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിനു സജീവമായ ഇടപെടൽ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-3 "അംഗൻവാടി മെയിന്റനൻസ്" - ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയില്ല – 4585/-രൂപ തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം : 35/18
അടങ്കൽ : 500000 (മെയിന്റൻസ് ഫണ്ട് റോഡിതരം)

വാർഡ് 7, വാർഡ് 12 എന്നിവിടങ്ങളിലെ അംഗൻവാടികളുടെ മെയിന്റനൻസിനായി 2015-16 ൽ അംഗീകാരം ലഭിച്ച പദ്ധതി 2017-18 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് തുകയുടെ 2.2037% കുറവിൽ കെ. ജെ. സൈമൺ, കളത്രയിൽ എന്ന കരാറുകാരനാണ് പ്രവർത്തി ചെയ്തിട്ടുള്ളത്. പ്രവർത്തികളുടെ ആകെ മൂല്യം 316821.22 രൂപയാണ്. ഒന്നാം പാർട്ട് ബിൽ പ്രകാരം 106352/- രൂപയും, ഫൈനൽ ബിൽ പ്രകാരം 208073/- രൂപയും ചെലവഴിച്ചു. ഒന്നാം പാർട്ട് ബില്ലിൽ 2.2037% ടെണ്ടർ കുറവ് വരുത്തിയിട്ടുണ്ട് (108748x2.2037%) .

ഫൈനൽ ബില്ലിൽ 208073/- രൂപയുടെ 2.2037 % തുകയായ 4585/- രൂപ കുറവ് വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 10/15-02-19) ടെണ്ടർ കുറവ് തുകയായ 4585/- രൂപ റിട്ടെൻഷൻ തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകി. 4585/- രൂപ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*ചെലവ് വിവരം*

ട്രഷറി ബിൽ നം. : 3/17-18/29-06 -17, 106352/-
: 17/17-18/01-07-17, 208073/-

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ–ക്യാബിൻനിർമ്മാണം-അഡ്വാൻസ് നൽകിയത്

പ്രോജക്ട് നം. 10/18 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന പ്രോജക്ടിനായി വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 333000/- രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം നേടിയിരുന്നു. പഞ്ചായത്ത് ഭരണസമതിയുടെ 17-2-2018ലെ 6-ാം നമ്പർ തീരുമാന പ്രകാരം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മുറികളിൽ ക്യാബിൻ തിരിക്കുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അഡ്വാൻസ് നൽകുന്നതിന് തീരുമാനിക്കുകയും ബിൽ നം. 162/18, തീയതി. 24-02-2018 പ്രകാരം 145536/- രൂപ ഈ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഓഡിറ്റ് സമയത്ത് മറുപടി നൽകിയിരുന്നില്ല. പിന്നീട് ഓഫീസിൽ ലഭ്യമാക്കിയ മറുപടി പ്രകാരം സ്പിൽ ഓവർ പ്രോജക്ടായി പദ്ധതി പൂർത്തീകരിച്ചതായി അറിയിച്ചിരുന്നു. എന്നാൽ രേഖകളെല്ലാം പ്രളയത്തിൽ നഷ്ടപ്പെട്ടുപോയതിനാലാണ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് എന്നും അറിയിച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണം നേരിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ നൽകിയ തുക തടസ്സപ്പെടുത്തുന്നു.

## 3-5 വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി മാർഗ്ഗരേഖക്കു വിരുദ്ധമായ പദ്ധതികളും നടപ്പിലാക്കി

സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനായി സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും ഉയർത്തുന്ന തരത്തിയുള്ള പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും

വികസന ഫണ്ടിന്റെ 10% നിർബന്ധിത വകയിരുത്തലിനും പദ്ധതിമാർഗ്ഗ രേഖ നിഷ്കർഷിച്ചിരുന്നു. എന്നാൽ 2017-18 വർഷം വനിതാ ഘടകപദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് നടപ്പാക്കിയ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വേതനവും അധികവേതനവും, അംഗൻവാടി പോഷകാഹാരം എന്നീ പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽപ്പെടുത്താവുന്നതല്ല. മുൻവർഷവും ഇതേ അപാകത ചൂണ്ടികാണിച്ചിരുന്നെങ്കിലും പരിഹരിക്കാൻ ശ്രമിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയില്ല

13-ാം പദ്ധതി തയ്യാറാക്കലും മാർഗ്ഗ നിർദ്ദേശങ്ങളും (ജി.ഓ. (എം.എസ്) നം.72/17/തസ്വഭവ. തീയതി.29.3.17) പ്രകാരം സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ മുഖേന മാലിന്യ സംസ്കരണ യൂണിറ്റിന് പഞ്ചായത്ത് വിഹിതം നൽകൽ (പ്രോജക്ട് നം.27/18) പ്രോജക്ടിൽ ഉൾപ്പെടുത്തി 200000 രൂപയും(ധനകാര്യ കമ്മീഷൻഗ്രാന്റ്), അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന മാലിന്യ സംസ്കരണ ഷെഡ് (പ്രോജക്ട് നം.75/18) എന്ന പ്രോജക്ടിനായി 400000 രൂപയും(തനതുഫണ്ട്) വകയിരുത്തിയിരുന്നു. പന്ത്രണ്ടാം പദ്ധതി കാലയളവിൽ മാലിന്യനിർമ്മാർജ്ജന പ്രോജക്ടുകൾ നിർബന്ധിത പ്രോജക്ടായിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ പദ്ധതി അംഗീകാരം ലഭിക്കുന്നതിനായി മാത്രം പ്രോജക്ട് തയ്യാറാക്കുകയും പിന്നീട് നടപ്പിലാക്കാതെ ഒഴിവാക്കുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. 2017-18ലും ഇത് ആവർത്തിക്കപ്പെട്ടു. മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾക്കായി ശുചിത്വമിഷൻ 1200000രൂപ അനുവദിച്ചത് ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു. മാലിന്യ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരോ അവർക്ക് സഹായകമാകേണ്ട ഭരണസമതിയോ, ആസൂത്രണസമതിയോ യാതൊരു ശ്രുഷ്കാന്തിയും കാണിക്കുന്നില്ല. ഹരിത കർമ്മസേന അംഗങ്ങളായി 30 വനിതകളെ തെരഞ്ഞെടുത്തത് 28-10-2017 ഭരണസമതി അജണ്ട 5 തീരുമാനം 5 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 25-11-2017 അജണ്ട 8 തീരുമാനം 8 പ്രകാരം യൂസർ ഫീസ് ഇനത്തിൽ വീടുകളിൽ നിന്നും 30രൂപയും കടകളിൽ നിന്നും 50രൂപയും പിരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഒരു വാർഡിൽ നിന്നും രണ്ടു പേർ എന്ന ക്രമത്തിലാണ് ഹരിത കർമ്മസേനയെ തെരഞ്ഞെടുക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. 13 വാർഡ് മാത്രമുള്ള പഞ്ചായത്ത് ഇതിന് വിരുദ്ധമായി കൂടുതൽ ആളെ തെരഞ്ഞെടുത്തത് പുനപരിശോധിക്കണം. ഹരിതകർമ്മ സേന രൂപീകരിച്ചെങ്കിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ സേന പ്രവർത്തനം ആരംഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 സംയുക്ത അക്കൗണ്ട് പരിപാലനം അപാകത സംബന്ധിച്ച്

സംയുക്ത പ്രോജക്ടുകൾക്കായുള്ള അക്കൗണ്ടിൽ ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനത്തിൽ ജില്ലാപഞ്ചായത്ത് വിഹിതമായി 60450/-രൂപയാണ് വന്നിട്ടുള്ളത്. എന്നാൽ പ്രോജക്ടിനായി ഈ അക്കൗണ്ടിൽ നിന്നും 62050രൂപ ചെലവഴിച്ചിട്ടുണ്ട്. നെൽകൃഷി വികസനത്തിനായി ലഭിച്ച 400000 രൂപയിൽ 375000 മാത്രമാണ് ചെലവു വന്നത്. ബാക്കി ശേഷിച്ച തുകയിൽ നിന്നാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള വിഹിതം നൽകിയത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പാണ്ടനാട് ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ പദ്ധതി-മുൻകാല ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2017-18 വർഷം തൊഴിലുറപ്പ് അവലോകനം.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 48 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1340 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 652 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 652 |

| | |
|---|---|
| ആകെ പ്രവർത്തി ദിനങ്ങൾ | 40263 |
| 100 തൊഴിൽദിനങ്ങൾ ലഭിച്ച വരുടെ എണ്ണം | 74 |
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 69 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 69 |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 68 |
| സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | 1 |
| വിവിധ മേഖലകളിലെ പ്രവർത്തികൾ | |
| ഭൂവികസനം | 5 |
| മഴവെള്ള സംഭരണം | - |
| ഐ.എ.വൈ. | 3 |
| തോടുകളുടെ നവീകരണം | 3 |
| പൊതുകുളങ്ങളുടെ നവീകരണം | - |
| ഐ.എച്ച്.എച്ച്.എൽ | 11 |
| നഴ്സറി നിർമ്മാണം | 20 |
| ജലസംരക്ഷണം | 8 |
| പുതിയതോടുകളുടെ നിർമ്മാണം | 3 |
| പുതിയ കുളങ്ങളുടെ നിർമ്മാണം | 10 |
| കിണർനിർമ്മാണം സ്പിൽ ഓവർ | 1 |
| പി.എം.എ.വൈ. | 1 |
| ഭവനം | 4 |
| ആകെ ചെലവ് | 11127472 |

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് വർക്ക് ഫയലുകൾ എല്ലാം തന്നെ പ്രളയത്തിൽ നശിച്ചതിനാൽ ഇവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. പരിശോധനക്ക ലഭ്യമായ വിവരങ്ങളിൽ നിന്നും ആകെയുള്ള 3957 കുടുംബങ്ങളിൽ 1/6 മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 652 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 74 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായത്. മെറ്റീരിയൽ വർക്കുകൾ ഏറ്റെടുക്കുന്ന കാര്യത്തിലും വിമുഖതയുള്ളതായി കാണുന്നു. തൻവർഷം ആകെ 69 പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയതിൽ മെറ്റീരിയൽ വർക്കുകൾ ഒന്നും ഇല്ല. ജലദൗർലഭ്യം ഉള്ള പ്രദേശമായിട്ടും മഴവെള്ള സംഭരണ പ്രോജക്ടുകളും, കിണർ റീചാർജ്ജിംഗ് പോലുള്ള പദ്ധതികളും എറ്റെടുത്തിട്ടില്ല. ആസ്തി സൃഷ്ടിക്കുന്നതിനു ഉതകുന്ന തരത്തിലുള്ള പ്രവൃത്തികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. മേൽ പദ്ധതികൾ ഉൾപ്പെടുത്തി പഞ്ചായത്തിന് അനുസൃതമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തൊഴിലുറപ്പ് വിഭാഗവും മേൽ നോട്ടച്ചുമതലയുള്ള ജീവനക്കാരും ഭരണസമതിയും വികസന സ്റ്റാന്റിംഗ് കമ്മറ്റിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-9 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവുരേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു

(എ) സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ

2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവുരേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| പദ്ധതിയുടെ പേര് | തുക |
|---|---|
| അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 106441 |

| | |
|---|---|
| തെരുവുവിളക്കു വാങ്ങി സ്ഥാപിക്കലും പരിപാലനവും (സ്പിൽഓവർ) | 24186 |
| തെരുവുവിളക്കു വാങ്ങി സ്ഥാപിക്കലും പരിപാലനവും | 294340 |
| പഞ്ചായത്ത് ഓഫീസിന് ഉപകരണങ്ങൾ വാങ്ങൽ | 46347 |
| പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ | 102331 |
| പഞ്ചായത്ത് ഓഫീസിന് ഫർണീച്ചർ | 63370 |

(ബി) കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|
| നെൽകൃഷിയ്ക്ക് വിത്ത് വിതരണം, 7/18 | 563198 |
| കൃഷി ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ, 31/18 | 49606 |
| മത്സ്യതൊഴിലാളികൾക്ക് വല, 32/18 | 2850 |
| ഏത്തവാഴ കൃഷിയ്ക്ക് സബ്സിഡി, 79/18 | 75000 |
| തെങ്ങ് കൃഷിയ്ക്ക് വളം വിതരണം, 82/18 | 193500 |
| കരിമ്പ് കൃഷിയ്ക്ക് സബ്സിഡി, 83/18 | 35980 |
| പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ്, 84/18 | 17300 |
| നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി, 85/18 | 750000 |
| ജലസേചന പമ്പ് സെറ്റ്, 86/18 | 196075 |

സി) വെറ്ററിനറി സർജ്ജൻ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|
| പശുവളർത്തൽ വനിത (ജനറൽ ), 61/18 | 800000 |
| പശുവളർത്തൽ വനിത (എസ് സി), 62/18 | 250000 |
| ആട് വളർത്തൽ (ജനറൽ), 63/18 | 48000 |
| മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (64/18) | 150000 |

(ഡി) ചെലവ് രേഖകൾ പൂർണ്ണമായും പരിശോധിക്കാനായില്ല

(1) പ്രോജക്ട് നം.20/17-18, ഗവ. ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

ചെലവ് - 600000/-

നിർവഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

(2) പ്രോജക്ട് നം.21/17-18, ഗവ. ആയുർവേദ ആശുപത്രിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ

ചെലവ് - 14000/-

നിർവഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

(3) പ്രോജക്ട് നം.30/17-18, പട്ടികജാതി ഡിഗ്രി/പ്രൊഫ. കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

ചെലവ് - 383500/-

നിർവഹണം - എച്ച്.എം, ഗവ. ജെ.ബി.എസ്, കീഴ്മാഴി

(4) പ്രോജക്ട് നം.90/17-18, പാലിയേറ്റീവ് പരിചരണം

നിർവഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് - 579012/-

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഫയലുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാം തന്നെ പ്രളയത്തിൽ നഷ്ടപ്പെട്ടതാണ്. അതിനാൽ ടി ചെലവുകളെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ പ്രോജക്ട് നടത്തിപ്പിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. ക്രമ നം. 1, 2 എന്നിവയിലെ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടുണ്ടെന്ന് എം.ഒ (ആയുർവേദം) അറിയിക്കുകയുണ്ടായി. ഫയലുകളെല്ലാം വീണ്ടെടുക്കാവാത്ത വിധം നഷ്ടപ്പെട്ടതായി റവന്യൂ അധികാരികളുടെ സാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ക്രമ നം.3 ലെ എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും ചെലവിനെ സാധൂകരിക്കുന്ന രേഖകൾ നഷ്ടപ്പെട്ടതായും എച്ച്.എം അറിയിച്ചിട്ടുണ്ട്. ക്രമ നം. 4 ലെ ചെലവിനെ സാധൂകരിക്കുന്ന രേഖകളെല്ലാം പ്രളയത്തിൽ നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്. ഇതിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ, ഔഷധി എന്നിവയിൽ നിന്നുള്ള 124562/- രൂപയുടെ പാലിയേറ്റീവ് മരുന്നുകൾ വാങ്ങാനായി മുൻകൂർ നൽകിയിരുന്നു. ടി മരുന്നുകൾ ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് വ്യക്തതയില്ല. ലഭിക്കാനുള്ള മരുന്ന് ലഭിക്കാൻ ബന്ധപ്പെട്ട ഏജൻസികളെ സമീപിച്ച് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-10 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - വിതരണം ചെയ്തതിൽ അപാകത

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം (പ്രോജക്ട് നം. S0049/18) പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിനായി വികസന ഫണ്ട് 280000 രൂപയും ബ്ലോക്ക്, ജില്ലാ വിഹിതങ്ങളായി 65000 രൂപ വീതവും ഉൾപ്പടെ ആകെ 410000 രൂപയാണ് വകയിരുത്തിയിരുന്നത്.19 ഗുണഭോക്താക്കൾക്കായി വികസന ഫണ്ട് 173150 (ബിൽ നം- 23/29.2.18-99450,13/14.11.17- 14400, 12/14.11.17- 48000) രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 62050 രൂപയും ഉൾപ്പടെ 235200 രൂപ (ചെക്ക് നം. 0888425/20.3.18) മാത്രമാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതിരുന്നതിനാലും വകയിരുത്തിയിരുന്ന വികസന ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാലും എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ തുക മുഴുവൻ നൽകാൻ സാധിച്ചില്ല.
2. ശാരീരിക വെല്ലുവിളി നേരിടുന്ന എല്ലാ ഗുണഭോക്താക്കൾക്കും അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായി നൽകിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | പഠിക്കുന്ന ക്ലാസ്സ് | അർഹമായ ആനുകൂല്യം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ചന്ദ്രകല .R | +1 | 7200 | 3600 |
| 2 | വിഷ്ണുപ്രസാദ് | നാലാം ക്ലാസ്സ് | 4800 | 2400 |

| | | | | |
|---|---|---|---|---|
| 3 | ആൽബിൻ പി. സാബു | മൂന്നാംക്ലാസ്സ് | 4800 | 2400 |

ഓരോ വർഷവും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം പ്രോജക്ട് ആവിഷ്കരിക്കുന്നതിന് മുൻപായി ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ ആനുകൂല്യം പൂർണ്ണമായും ലഭിക്കത്തക്കവിധം അടങ്കൽ കൃത്യമായി നിശ്ചയിക്കേണ്ടതും വിവിധ സോഴ്സുകളിൽ നിന്ന് ലഭ്യമാക്കേണ്ട തുകയുടെ ലഭ്യത ഉറപ്പുവരുത്തി ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ഭിന്നശേഷിക്കാർക്ക് ലഭ്യമായ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-11 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം നടത്തിയില്ല

ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (SCP) പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. S0084/13) 2012-13 വർഷം വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 10 എസ്.സി ഗുണഭോക്താക്കൾക്ക് 150000 രൂപ വീതം ആകെ 15,00,000രൂപ ചെലവഴിച്ചിരുന്നു. ഗുണഭോക്തക്കൾ വാങ്ങിയ ഭൂമി നിലം നികത്തിയതാണെന്നും പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണം നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് സമ്മതപത്രം വാങ്ങിയിട്ടില്ലായെന്നും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (29.8.14 തീയതിയിലെ LFA/p7/1250/14) നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ച് ടി പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം അനുവദിച്ചിരുന്നോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ ടി ഗുണഭോക്തക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടിയിൽ അറിയിച്ചിരുന്നു. ഇവരിൽ ഒരാൾക്കൊഴികെ മറ്റുള്ളവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുമില്ല. ഭൂമി ലഭിച്ച വ്യക്തികൾ ഭൂമി പേരിൽകൂട്ടി കരം ഒടുക്കുന്നുണ്ടോ എന്നും പദ്ധതി പണം ചെലവഴിച്ച് വാങ്ങിയ ഭൂമിയിൽ നാളിതുവരെ ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം പഞ്ചായത്ത് അനുവദിക്കാഞ്ഞതിനുള്ള കാരണം എന്തെന്നും കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ആശ്രയ അക്കൗണ്ടിൽ വികസനഫണ്ട് ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു

അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി മുൻവർഷങ്ങളിൽ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന വികസനഫണ്ട് തുകയിൽ 431448 രൂപ (31.12.18 തീയതിയിൽ) ചെലവഴിക്കപ്പെടാതെ ഇപ്പോഴും നിക്ഷേപമായി തുടരുന്നു. ആശ്രയ ലിസ്റ്റിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്കളെ കണ്ടെത്തി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | നെൽകൃഷിവികസനം | 375000 | 25000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | പാലിന് സബ്സിഡി | 1000000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 60450 | പ്രോജക്റ്റ്.49/18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62050 | -1600 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 40000 | പാലിന് സബ്സിഡി | 40000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 48450 | പ്രോജക്റ്റ്.49/18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 48450 | |
| ആകെ | | | | | 23400 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-1 | 2007-08 | 3.23.1 | ആസൂത്രണ രാഹിത്യം 34.2 ലക്ഷം നഷ്ടപ്പെടുത്തി | |

## 4-8 ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

2017-18 വർഷം ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31018879 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29971416 |
| വരവിനങ്ങളിലുള്ള നഷ്ടം | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4585 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 145536 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 4585 | ശ്രീമതി.സൂസൻ ജേക്കബ്, അസിസ്റ്റന്റ് എൻജിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 145536 | ശ്രീമതി.ഷൈലജ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സൂസൻ ജേക്കബ് അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമല്ല. | തെക്കടത്ത് ഹൌസ്, പള്ളിമുക്ക്, കുണ്ടറ ഈസ്റ്റ്.പി.ഒ, കൊല്ലം. |
| ശ്രീമതി.ഷൈലജ, സെക്രട്ടറി | സെക്രട്ടറി, ബുധനൂർ ഗ്രാമ പഞ്ചായത്ത് | പ്രണവം, വിഷവർശ്ശേരിക്കര.പി.ഒ. മാന്നാർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ.5-1832/11 dt.1-2-2012 |
| 1998-99 | എൽ.എഫ്.ജി.എ.5-1832/11 dt.1-2-2012 |
| 1999-2000 | എൽ.എഫ്.ജി.എ.5-1832/11 dt.1-2-2012 |
| 2002-03(ചെലവ്) | എൽ.എഫ്.ജി.എ.5-1832/11 dt.1-2-2012 |
| 2003-04(ചെലവ്) | എൽ.എഫ്.ജി.എ.5-1832/11 dt.1-2-2012 |
| 2004-05(ചെലവ്) | എൽ.എഫ്.ജി.എ.5-1832/11 dt.1-2-2012 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11 dt.7-2-2012 |
| 2006-07 | എൽ.എഫ്.ജി.എ.5-1577B./14 dt.4-5-2014 |
| 2007-08 | എൽ.എഫ്.ജി.എ.5-1577(ബി)./14 dt.4-05-14 |
| 2008-09<br>2009-2010<br>2010-2011 | എൽ.എഫ്.ജി.എ.5-1577(ബി) /14 dt.4-5-14 |
| 2011-2012<br>2012-2013 | എൽ.എഫ്.എപി.7-1250/14 dt 29-8-2014/14-11-2014 |
| 2013-2014 | എൽ.എഫ്.എ.പി.7-679/15 dt 16-7-2015/6-8-2015 |
| 2014-2015 | കെ.എസ്സ്.എ.എഎൽ.പി.പി.7/833/16 തീയതി.29.7.16/3.8.16 |
| 2015-16 | കെ.എസ്സ്.എ.എൽ.പി.പി7-48/17 തീയതി. 21.01.17/7.2.17 |
| 2016-17 | കെ.എസ്സ്.എ.എഎൽ.പി.പി7.1254/17 തീയതി. 25.10.17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(27)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 30.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ